**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1003** **29-08-2022 - ൽ മറുപടിയ്ക്ക്**

**പാലങ്ങളുടെ നിർമ്മാണത്തിന് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ പഞ്ചായത്തിൽ ബ്ലാവന, മണികണ്ഠൻചാൽ, ബംഗ്ലാക്കടവ് തുടങ്ങിയ പാലങ്ങളുടെ നിർമ്മാണം വനം വകുപ്പിന്റെ അനുമതി ലഭ്യമാകാത്തത് മൂലം തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പ്രസ്തുത പ്രവൃത്തി വനം വകുപ്പ് തടസ്സപ്പെടുത്തിയതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വനംവകുപ്പിന്റെ അനുമതിക്കുവേണ്ടി പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിഗണനയിലുണ്ടോ; പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ; | (ബി) | ബ്ളാവന, മണികണ്ഠൻചാൽ പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടലായ പരിവേഷിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ചില ന്യൂനതകൾ കണ്ടെത്തിയതിനെ തുടർന്ന് ആയത് പരിഹരിച്ച് സമർപ്പിക്കുവാൻ യൂസർ ഏജൻസി(പൊതുമരാമത്ത് വകുപ്പ്)ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബംഗ്ലാക്കടവ് പാലത്തിന്റെ നിർമ്മാണത്തിനായി യൂസർ ഏജൻസി ഇതുവരെ പരിവേഷ് പോർട്ടലിൽ അപേക്ഷകൾ ഒന്നും തന്നെ സമർപ്പിച്ചിട്ടില്ലാത്തതാണ്. |
| (സി) | പതിനാറിലധികം ആദിവാസി കോളനികൾ ഉൾപ്പെടുന്ന കുട്ടമ്പുഴ പഞ്ചായത്തിൽ മേൽപ്പറഞ്ഞ പാലങ്ങൾക്ക് വളരെയധികം പ്രാധാന്യമുള്ളതുകൊണ്ട് പ്രസ്തുത പാലങ്ങൾ പണിയുന്നതിന് ആവശ്യമായിട്ടുള്ള അനുമതി വനംവകുപ്പിൽ നിന്ന് വേഗത്തിൽ ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ബ്ലാവന, മണികണ്ഠൻചാൽ പാലങ്ങളുടെ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് പരിവേഷ് പോർട്ടിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിലെ ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കുന്ന മുറയ്ക്ക്, 1980 ലെ ഫോറസ്റ്റ് (കൺസർവേഷൻ) ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായും, സമയബന്ധിതമായും തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ